(ബി) എങ്കിൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 38/2013 നമ്പർ കേസിലെ പ്രതികളെ സംബന്ധിച്ച് അത്തരത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൽകിയിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി

206 (6355) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർമാരിൽനിന്നും രജിസ്ട്രേഷൻ ഡി.ഐ.ജി. മാസപ്പടി ശേഖരിക്കുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്പെഷ്യൽ സെൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ന് ; എത്ര ലക്ഷം രൂപ കണ്ടെടുത്തു ; ഏതെല്ലാം ഉദ്യോഗസ്ഥരിൽനിന്നും എത്ര തുകവീതം കണ്ടെടുത്തു ; വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ പോലീസ് എത്ര റെയ്ഡുകൾ നടത്തി ; എത്ര തുക കണ്ടെടുത്തു ; വ്യക്തമാക്കാമോ ;

(ഡി) കുറ്റക്കാരായ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചു ; ആർക്കെങ്കിലും ശിക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നല്കിയ ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 12-6-2014-ൽ, 2,61,610 രൂപ, വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മേൽ വിവരിച്ചത് കൂടാതെ 176 മിന്നൽ പരിശോധനകൾ കൂടി നടത്തുകയുണ്ടായി. ഇതിൽ 2,49,640 രൂപയോളം കണ്ടെടുക്കുകയുണ്ടായി.

(ഡി) കുറ്റക്കാരായ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് വകുപ്പ് നേരിട്ട് നടപടി സ്വീകരിക്കുന്നില്ല. എന്നാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനകളിലും മറ്റും കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി, ഉചിതമായ നടപടി, റിക്കവറി തുടങ്ങിയ ശിക്ഷാനടപടികൾ ശിപാർശ ചെയ്തു കൊണ്ടുള്ള റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പിലേക്ക് സമർപ്പിക്കുകയും,. ടി റിപ്പോർട്ടുകൾ വിജിലൻസ് വകുപ്പ് വിശദമായി പരിശോധിച്ചതിനുശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനായി ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly